8. കർഷകർക്ക് മത്സ്യകൃഷിയിൽ പ്രായോഗിക പരിശീലനം നൽകുന്നു.

9. കൃഷിക്കാലത്തുടനീളം കർഷകർക്കാവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നു.

10. മത്സ്യ വിത്തുല്പാദനത്തിൽ തല്പരരായവരെ കണ്ടെത്തി അവർക്ക് മത്സ്യവിത്ത് റിയറിനിൽ പരിശീലനം നൽകുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു.

ലോകബാങ്ക് പദ്ധതി പ്രകാരം വനം വകുപ്പിൽ നടക്കുന്ന പ്രവർത്തനങ്ങൾ

15 (*276) ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് പദ്ധതിപ്രകാരം വനം വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് ;

(ബി) ഇവ എന്നു മുതൽ ആരംഭിച്ചു ;

(സി) ഇവയുടെ ലക്ഷ്യം, പൂർത്തീകരണം ഇവ സംബന്ധിച്ച വിശദവിവരം നൽകുമോ :

(ഡി) വനങ്ങളുടെയും വനത്തോട്ടങ്ങളുടേയും വിഭവശേഷി മനസിലാക്കാൻ ഇപ്പോൾ ഉള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ലോകബാങ്ക് സഹായത്തോടെ വനം വകുപ്പിന്റെ കീഴിൽ 'കേരളാ ഫോറസ്ട്രി പ്രോജക്ട്' 'ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട്' എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. കേരള ഫോറസ്ട്രി പ്രോജക്ട് പ്രകാരം പ്രധാനമായും സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ, ജൈവ വൈവിദ്ധ്യ സംരക്ഷണം, പങ്കാളിത്ത വനപരിപാലനം, വ്യവസായിക തോട്ടങ്ങൾ വച്ചു പിടിപ്പിക്കൽ, മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ ഉല്പാദനം, വനവിജ്ഞാന വ്യാപനം, കാട്ടുതീ തടയൽ, സ്ഥാപന വികസനവും മാനവശേഷി വികസനവും എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട് പ്രകാരം പെരിയാർ ടൈഗർ റിസർവ്വിലെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും, വികസനത്തിനുമുതകുന്ന പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്.

(ബി) കേരളാ ഫോറസ്ട്രി പ്രോജക്ട് 1998 ആഗസ്റ്റ് മാസത്തിലും, ഇന്ത്യ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ട് 1996 ഡിസംബർ മാസത്തിലും ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥായിയായ പരിസ്ഥിത സംരക്ഷണത്തിനും ജൈവ വൈവിദ്ധ്യ പരിപാലനത്തിനും വേണ്ടിയുള്ള വന സംരക്ഷണം, തടിയുടെയും മറ്റു വന വിഭവങ്ങളുടെയും സ്ഥായിയായ ഉൽപ്പാദനക്ഷമതാ വർദ്ധന, വനത്തിനുള്ളിലും വനാതിർത്തി ഭാഗങ്ങളിലും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെട്ട പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉന്നമനം എന്നിവയാണ് കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. ടി പ്രോജക്ട് 4 വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പെരിയാർ ടൈഗർ റിസർവ്വിലെ ജൈവ വൈവിദ്ധ്യത്തിന്റെ സമഗ്ര സംരക്ഷണവും വികസനവും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക, ജൈവ വൈവിദ്ധ്യ ശോഷണത്തിനിടയാക്കുന്ന പൊതുജന നടപടികൾ കുറയ്ക്കുക, ടി ടൈഗർ റിസർവ്വുമൂലം പൊതുജനങ്ങളിലുണ്ടാകുന്ന വിപരീത സമ്മർദ്ദം കുറയ്ക്കുക എന്നിവയാണ് ഇന്ത്യാ ഇക്കോ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. ഇത് അഞ്ചു വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഓരോ ഡിവിഷനിലും വർക്കിംഗ് പ്ലാനുകളും മാനേജുമെന്റ് പ്ലാനുകളും തയ്യാറാക്കുമ്പോഴും കൂടാതെ പ്രത്യേകമായി പഠനങ്ങൾ ഗവേഷണങ്ങൾ എന്നിവ നടത്തുമ്പോഴും വനങ്ങളുടെയും തോട്ടങ്ങളുടെയും വിഭവശേഷി കാലാകാലങ്ങളിൽ തിട്ടപ്പെടുത്തുന്നുണ്ട്.

സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനപ്രദേശങ്ങൾ തിരിച്ചെടുക്കാൻ നടപടി

16 (*277) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻ കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനപ്രദേശങ്ങൾ തിരിച്ചെടുക്കാൻ പുതിയ നിയമ നിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) വനഭൂമി തിരിച്ചെടുക്കുന്ന നടപടി എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ&ബി) സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനഭൂമിയിൽപ്പെട്ട പാരിസ്ഥിതിക സൂക്ഷ്മ സചേതന പ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുവേണ്ടി കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും) ഓർഡിനൻസ് 3/2001 എന്ന ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓർഡിനൻസ് ബില്ല് ആക്കുവാനുള്ള തയ്യാറെടുപ്പുകൾ നടത്തി വരികയാണ്.

(സി) എ&ബി യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly